ഹരിതകേരളം മിഷൻ
കേരളസർക്കാർ

## <u>പ്രസിദ്ധീകരണത്തിന്</u>

04.08.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം
## പ്രതിജ്ഞയും ശുചിത്വസന്ധ്യയും സംഘടിപ്പിക്കും

കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റാനുള്ള മഹായജ്ഞത്തിന് ഈ സ്വാതന്ത്ര്യ ദിനത്തിൽ സർക്കാർ തുടക്കമിടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്.

ഓഗസ്റ്റ് 15ന് ജില്ലാതലത്തിൽ മന്ത്രിമാർ പങ്കെടുക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകൾക്കു ശേഷം 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനപരിപാടികളിലും ഈ പ്രഖ്യാപനം നടത്തും. അന്നും പിറ്റേദിവസവും ജനപ്രതിനിധികൾ അടങ്ങുന്ന സന്നദ്ധസേവന പ്രവർത്തകർ ഭവന സന്ദർശനവും ബോധവല്ക്കരണ പ്രവർത്തനവും നടത്തും.

ഓഗസ്റ്റ് 15ന് വൈകുന്നേരം 4 മുതൽ 7 വരെ വാർഡ് തലത്തിൽ ശുചിത്വസംഗമം സംഘടിപ്പിക്കും. സന്നദ്ധപ്രവർത്തകർ ആഗസ്റ്റ് 6 മുതൽ 13 വരെ നടത്തുന്ന ഗൃഹസന്ദർശനത്തോടനുബന്ധിച്ചു നടത്തിയ അവസ്ഥനിർണ്ണയ പഠനത്തിന്റെ ക്രോഡീകരണം, അവതരണം, മാലിന്യസംസ്ക്കരണം ഫലപ്രദമായി നടത്തിയ സ്ഥാപനങ്ങൾ, കുടുംബങ്ങൾ, ഹരിതപ്രോട്ടോക്കോൾ നടപ്പാക്കിയ സ്ഥാപനങ്ങൾ എന്നിവയുടെ അനുഭവസാക്ഷ്യ വിവരണവും അനുമോദനവും സംഘടിപ്പിക്കും. ഇതോടൊപ്പം വൈകുന്നേരം 7ന് ശുചിത്വ ദീപസന്ധ്യയും സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന വാർഡായി പ്രഖ്യാപിക്കുന്നതിനുള്ള പ്രതിജ്ഞയും സംഘടിപ്പിക്കും. ഇതേ സമയം എല്ലാ വീടുകളിലും ശുചിത്വദീപവും തെളിയിക്കും.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

2. PR.HKM.2017